**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചാലഞ്ച് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ചാലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ അറുപത്തിനാല് സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭിക്കുന്നതിൽ നേരിടുന്ന തടസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ 25.02.2021 ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഇളവ് അനുവദിക്കാൻ സാധ്യമല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ചാലഞ്ച് ഫണ്ട് പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതം അനുവദിക്കുന്നതിനായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാരിൽ നിന്നും ലഭ്യമായ ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലത്ത് പ്രവർത്തിക്കുന്ന ഭഗവതിവിലാസം ഹൈസ്കൂളിന് സർക്കാർ വിഹിതം ലഭിക്കുന്നതിലെ തടസം ഒഴിവാക്കി കിട്ടുന്നതിനായി 03.02.2022 ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കത്തിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ